# TRUE LIGHT AND LIFE

METRO CHURCH OF GOD, PALARIVATTAM PRIVATE CIRCULATION



# Divine wisdom

ദൈവീക ജ്ഞാനം

Intentional Parenting of raising Daniel

Handling disagreement- The Emmaus Model

കഴിവുകളെ തിരിച്ചറിയുക

March 2024
ISSUE No. 16

# *Table of Contents*


03 Foreword

04 From the Editor

05 ദിവ്യജ്ഞാനം

06 Handling disagreement- The Emmaus model

07 Intentional Parenting of Rasing Daniel

08 കഴിവുകളെ തിരിച്ചറിയാം

09 ദാനിയേലിനെ വളർത്തിയ ലക്ഷ്യത്തോടു കൂടിയ രക്ഷകർതൃത്വം

10 കൃതജ്ഞതയുടെ ശക്തി

11 Wisdom's Seven Pillars

12 Divine wisdom in our practical life

# FOREWORD

## ദൈവീക ജ്ഞാനം

വിരൽത്തുമ്പിൽ  അറിവുകൾ ലഭ്യമാകുന്ന ഒരു ലോകത്താണ് നാം ജീവിക്കുന്നത്. ഇന്നത്തെ തലമുറ മുൻ തലമുറകളെക്കാൾ സാങ്കേതികവും ലൗകികവുമായ അറിവ് ഉള്ളവരാണ്. എന്നാൽ ജീവിക്കാൻ മാത്രം അറിവില്ലാത്തവരായി അവർ മാറുന്നു.

ദൈവീക ജ്ഞാനം ലോകജ്ഞാനത്തേക്കാൾ വ്യത്യസ്തമാണ്.ബൈബിൾ പറയുന്നു, ' യഹോവ ഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു'. ഈ കാലഘട്ടത്തിൽ നമുക്ക് വേണ്ടത് ദൈവീകജ്ഞാനമാണ്. അതിനായിദൈവ ഭയത്തോടെ ജീവിക്കാൻ നമുക്ക് കഴിയട്ടെ.



Pr. Biju Jacob

# FROM THE Editor



## 'നിങ്ങളുടെ ജീവിത നിലവാരം നിങ്ങൾക്ക് എത്രമാത്രം ദൈവീക ജ്ഞാനം ഉണ്ട് എന്നതിനെ ആശ്രയിച്ചിരിക്കുന്നു.'

നാം ചെയ്യുന്ന എല്ലാ കാര്യങ്ങളും ഓരോ സമയത്തും നമുക്ക് ലഭിക്കുന്ന ജ്ഞാനത്തെ ആശ്രയിച്ചിരിക്കുന്നു. അതിനാലാണ് ജ്ഞാനം അതിപ്രധാനമാണെന്നു തിരുവചനം പറയുന്നത്. *(സദൃ: 4:7)* 'ജ്ഞാനം തന്നെ പ്രധാനം; ജ്ഞാനം സമ്പാദിക്ക'.

അറിവ് എന്താണ് എന്നതിനേക്കാൾ മികച്ചതാണ് ജ്ഞാനം . 'ജഞാനമുള്ള ഒരു മനുഷ്യൻ എപ്പോഴും ഉപദേശം തേടും. (സദൃ:1:5)

ജീവിതത്തിന്റെ മൂലധനം ജ്ഞാനമാണ്. അറിവിന്റെ ഉത്പാദനപരവും വിഭവ സമൃദ്ധവുമായ പ്രയോഗമാണ് ജ്ഞാനം.

കേൾവിയും കാഴ്ചയും മാത്രമല്ല, ലഭിച്ച അറിവ് ഉപയോഗപ്രദമാക്കുകയും പ്രവർത്തിക്കുകയും വേണം. ഇല്ലായെങ്കിൽ നാം വിഡ്ഢികളാകും. ദൈവത്തിൽ നിന്നുമുള്ള ജ്ഞാനമാണ് ദൈവീക ജ്ഞാനം.( യാക്കോബ് 3:17, യെശ:11:1-3)

ദൈവത്തിൽ നിന്നുമുള്ള ജ്ഞാനമാണ് ദൈവീക ജ്ഞാനം.( യാക്കോബ് 3:17, യെശ:11:1-3)
ദൈവത്തിലൂടെ നാം സ്വീകരിക്കുന്ന അറിവിന് അനുസൃതമായി നമ്മുടെ ജീവിതം നമ്മെ സഹായിക്കുന്നതാണ് ദൈവത്തിന്റെ ജ്ഞാനം. അങ്ങനെയുള്ളവന് എല്ലാറ്റിനും മറുപടി ലഭിക്കുന്നു. (സദൃ:2:1-2).

ലോകജ്ഞാനം ഈ ലോകത്തിന്റെ കാര്യങ്ങളിൽ നമ്മെ സഹായിക്കുമ്പോൾ ദൈവീക ജ്ഞാനം നമ്മെ നിത്യതയിലെത്തിക്കും. അതായിരിക്കട്ടെ നമ്മുടെ ലക്ഷ്യം.
' ജ്ഞാനം പ്രാപിക്കുന്ന മനുഷ്യനും വിവേകം ലഭിക്കുന്ന നരനും ഭാഗ്യവാൻ' ... സദൃ:3:13



PRABHA JOHN



# ദിവ്യ ജ്ഞാനം

ALBA BOBY



*

ജ്ഞാനവും ബുദ്ധിയും അറിവുമെല്ലാം ഒരു മനുഷ്യന്റെ ബൗദ്ധികതയുമായി ബന്ധപ്പെട്ട് കിടക്കുന്ന വസ്തുതകളാണ്. എല്ലാറ്റിനും ഒന്നാമതെത്തുന്ന കഴിവായിട്ടോ , പഠിക്കാനുള്ള ബുദ്ധിയായിട്ടോ, അറിവ് സമ്പാദിക്കാനുള്ള ശേഷിയായോ ജ്ഞാനത്തെ വ്യാഖ്യാനിച്ചാൽ നമുക്ക് തെറ്റി!

അനുഭവങ്ങളിൽ നിന്നും, അറിവിൽ നിന്നും ജീവിതം കൃത്യതയോടെ മുന്നോട്ടുകൊണ്ടുപോവാ ൻ നാമെടുക്കുന്ന പ്രതികരണങ്ങളുടെ കഴിവിനെ ജ്ഞാനം എന്ന് വിശേഷിപ്പിക്കാം. ഇത്തരം പ്രതികരണങ്ങൾക്കായി നാം ദൈവിക കരങ്ങളെ ആശ്രയിക്കുമ്പോൾ അവിടെ നിന്നും നമുക്ക് ലഭിക്കുന്ന ശക്തിയാൽ നാം എടുക്കുന്ന പ്രതികരണങ്ങളെ ദൈവിക ജ്ഞാനം എന്ന് വിളിക്കാം.

ജ്ഞാനത്തിന്റെ തുടക്കം*

ജ്ഞാനത്തിന്റെ പാത ആരംഭിക്കുന്നത് ദൈവീക ഭക്തിയിൽ നിന്നാണ്. സദൃശ്യവാക്യത്തിൽ ജ്ഞാനികളുടെ ശീലങ്ങൾ,പെരുമാറ്റ രീതികൾ, എന്നിവ രേഖപ്പെടുത്തിയിരിക്കുന്നു. ലോകത്തെക്കുറിച്ചുള്ള ഒരുവന്റെ കാഴ്ചപ്പാടിലേക്ക് വ്യക്തതയോടുള്ള ജീവിത ദർശനം ചേർന്നിരിക്കുമ്പോൾ അവനിലെ ജ്ഞാനമാണ് വെളിവാകുന്നത്.

ജ്ഞാനം വചനവീക്ഷണത്തിൽ*

അർത്ഥപൂർണ്ണമായ ജീവിതം നയിക്കുവാൻ, നിത്യജീവൻ സ്വായത്തമാക്കുവാൻ, ദൈവത്തെ പ്രസാദിപ്പിച്ചുള്ള ജീവിതം ഈ ഭൂമിയിൽ അനിവാര്യമായി ബൈബിൾ ചൂണ്ടി കാണിക്കുന്നു

. ഇത്തരം ഒരു ജീവിതത്തിനായി ദൈവത്തിൽ ആശ്രയിക്കുമ്പോൾ ദൈവത്തിങ്കൽ നിന്നും നമുക്ക് ലഭിക്കുന്ന ദാനമാണ് ദൈവീക ജ്ഞാനം. പഴയനിയമത്തിൽ സദൃശ്യവാക്യങ്ങളിലും, സങ്കീർത്തനങ്ങളിലും മറ്റും ജ്ഞാനത്തെ അന്വേഷിച്ച് കണ്ടെത്തേണ്ട ആവശ്യകതയെ ഊന്നി പറഞ്ഞിരിക്കുന്നു.

പുതിയ നിയമത്തിൽ ദൈവത്തിന്റെ ജ്ഞാനമായി ക്രിസ്തുവിനെയാണ് വരച്ചു കാട്ടിയിരിക്കുന്നത്(1 കൊരി.1.24). ദൈവത്തിനു മാനവരാശിയെ കുറിച്ചുള്ള പദ്ധതിയിലേക്ക് മനുഷ്യനെ കൊണ്ടെത്തിക്കുവാൻ കഴിയുന്ന ലോകത്തിലെ ഏക മാർഗം ക്രിസ്തു ആണ്. ക്രിസ്തുവിനെ അറിയുന്നതിലൂടെ നമ്മെ കുറിച്ചുള്ള ദൈവീക പദ്ധതിയെക്കുറിച്ച് നാം ബോധവാന്മാരാകും.

പാപത്തിലേക്കാണ്ടു പോയ മാനവരാശിയെ രക്ഷിക്കുവാൻ ക്രൂശുമരണം വരിച്ച ക്രിസ്തു തന്നെയാണ് വഴിയും സത്യവും ജീവനും ജ്ഞാനവും എല്ലാം. സത്യത്തിൽ നടക്കുവാൻ പരിശുദ്ധാത്മാവിന്റെ സഹായവും ഏറ്റവും ആവശ്യമാണ്.

ക്രിസ്തു ജ്ഞാനമാകുന്നു എന്നുള്ള തലത്തിൽ നിന്ന് സദൃശ്യവാക്യം 4.7 വായിക്കുമ്പോൾ ജീവിതത്തിൽ ദൈവത്തിന്റെ ജ്ഞാനമായ ക്രിസ്തുവിനെ നേടുക എന്നത് എത്ര അനിവാര്യമാണ് എന്ന് മനസ്സിലാക്കുവാൻ സാധിക്കും.

ദൈവവചനത്തിലൂടെയും, പ്രാർത്ഥനയിലൂടെയും, പരിശുദ്ധാത്മാവിന്റെ സഹായത്തോടെയും ദൈവീക ജ്ഞാനത്തിന്റെ വഴിയിൽ 8തന്നെ ആയിരിക്കുവാനുള്ള ശക്തിയ്ക്കായി ദിനവും പ്രാർത്ഥിച്ച് നമുക്ക് മുന്നേറാം. അതിനായി സർവ്വശക്തൻ നമ്മെ ഒരുക്കട്ടെ! മാറാനാഥാ!



# HANDLING DISAGREMENT- THE EMMAUS MODEL

BY SARAH THOMAS
AUSTRALIA



***Bringing Jesus to our problems and homes is the only solution to all our confusions and hopelessness.***

**Handling disagreements- The Emmaus model**

**One of my favourite passages in the Bible is in Luke 24:13-35 where the story of two disciples Cleopas and possibly his wife returning from Jerusalem to Emmaus. The distance between these places is roughly 11 to 12 kms as per Bible scholars. They were grieving and sad and Jesus walked with them on their journey. This can be applied to any situation especially for married couples on their difficult days.**

**Every marriage comes with certain challenges, but we must acknowledge that there are couples who go through unbearable pain and angst. Regardless of any situation, this story shows how their sadness and confusion was transformed as they walked with Jesus.Bringing Jesus to our problems and homes is the only solution to all our confusions and hopelessness. Fear of the future, fear of the known and unknown all disables us from making faith-based decisions. These disciples were slow in their thinking. Pain and grief cam numb our responses.**

## SILENCE

**Silence  is always a good solution to many heated arguments. Silence should not be done as a punishment, but it should be done in a humble and calm attitude giving time for God to work. As spouses we should acknowledge that not everyone can practice silence effectively some people have such pressure of speech that it is best to let them talk and express their feelings. Love covers all offenses and forgiveness, and patience is the best way to handle disagreements.**

.

## PRAYING TOGETHER

**Praying together is always powerful but both parties should agree before prayer (I have heard of situations where family prayers can be a trigger to more disagreements).**

## MINISTERING TO OTHERS

**Ministering to other  is also helpful when you are hurting. God will use you help others just as Job prayed for his friends. The other remarkable lesson from this story is after they got the revelation of Jesus, they reached Jerusalem “at once”. The lonely and long weary distance seems to be less when their hearts is full of joy. If your years were destroyed by the bugs mentioned in Joel 2 God is going to give you fruitful years and your next innings with Jesus will be light and joyful!**

# INTENTIONAL PARENTING OF RAISING DANIELS!



DR. NISSI ZACHARIA

We, as parents, have no clue what lies in store for us or our kids at the very next moment or tomorrow. What we have is ‘now’ and 'today', and there lies the significance of parenting with a big picture in mind and making the most of each moment.

What does it take to raise children who can thrive in a toxic culture?

What Daniel’s parents would have done to equip him to stand firm in his principles irrespective of challenging circumstances?

His life could be easily compared with a current-generation kid.

At the age of 13-14, he had all reasons to build hostility and rage. He was ripped from all he held dear by an evil empire. He must have had his family killed, his home destroyed, friends lost and his dreams shattered. A new place strange and harsh!

Relatable with what a current generation kid faces in broken families when they are being crushed and torn apart? It may not be as drastic as what Daniel faced, then where are our kids failing? Shouldn’t they have a better success rate of maintaining their values and principles?


Rapid changes in our culture and religious freedom are causing a huge number of young adults to reject the faith of their families, and the scary and callous violations of parental rights is a wake-up call to be intentional with today for we don’t know what tomorrow brings in.

If we are successful in making them pursue Creator than creations, we can relax. For, if they are captivated by the love of God and are strongly established in His word, then nothing can shake them.

A single piece of scripture and the knowledge about God is strong enough to withstand all the philosophies, temptations, and cultures of the world.

Are we equipping them with such knowledge and discernment?

Let us start doing it intentionally right away.



# DIVINE WISDOM IN OUR PRACTICAL LIFE

**Sr. SALOME SAM**



*Divine wisdom is more valuable than rubies because it is precious. Nothing can be compared to the person who applies divine wisdom in his life.*

Divine wisdom is the spirit of God that grants divine capacity to understand and reason beyond the realm of men. Divine wisdom enhances decision making, transforms relationships, promotes personal development and inspires societal transformation.

Divine wisdom is more valuable than rubies because it is precious. Nothing can be compared to the person who applies divine wisdom in his life. In Expdus 35: 30 ~ 35, we see two men chosen by God, Bezalel and Oholiab who were filled with divine wisdom with skill, with intelligence , with all knowledge and with all craftsmanship. God filled them with skill to do every sort of work, done by an engraver or by a designer or by an embroidereroe by a weaver by any sort of workman or skilled designer

Divine wisdom is Bible based , Christ c entered and Spirit led. It is the right application of knowledge gained through God s word by the inspiration of the Holy Spirit which puts you above and ahead of everything. Divine wisdom helps to work smarter and harder.

Four Biblical instructions to get divine wisdom.

1. Fear God. Solomon says that the fear of the Lord is the beginning of wisdom.
( Proverbs 1:7, 9:10 )

2. Desire for divine wisdom.

3. Pray to God to grant divine wisdom.

4. Read and meditate the Word of God.

Rewards of divine wisdom in our day to day life.

1. It grants many honours.
2. It gives understanding and keeps one from immortality.
3. It guides us in right paths.
4. It gives us renewed health and vitality.
5. It gives long life, riches, honour, pleasure and peace.
6. It brings prosperity.
7. It brings security.
8. It brings the favour of God in our lives.

So draw nearer to God. Pray to fill with His divine wisdom to lead a victorious and fruitful Christian life in this sin stained generation.

# ദാനിയേലിനെ വളർത്തിയ ലക്ഷ്യത്തോടുകൂടിയ രക്ഷാകർതൃത്വം



DR. NISSI ZACHARIAH

അടുത്ത നിമിഷത്തിലോ നാളെയോ, നമുക്കോ നമ്മുടെ കുട്ടികൾക്കോ എന്താണ് സംഭിക്കുന്നത് എന്ന് മാതാപിതാക്കൾ എന്ന നിലയിൽ നമുക്ക് ഒരു സൂചനയും ഇല്ല. നമ്മുടെ കരങ്ങളിൽ ആകെ ലഭ്യമായിരിക്കുന്ന സമയം 'ഇന്ന്', അല്ലെങ്കിൽ 'ഇപ്പോൾ' മാത്രമാണ്. ഈ തിരിച്ചറിവോടും കാഴ്ചപ്പാടോടും കൂടെ നമ്മൾ ഓരോ നിമിഷവും പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ടോ?

വഷളത്വം നിറഞ്ഞ ഈ കാലഘട്ടത്തിൽ വിശാസ മൂല്യങ്ങളിൽ ഉറച്ച് തഴച്ചുവളരാൻ കഴിയുന്ന കുട്ടികളെ വളർത്താൻ എന്താണ് വേണ്ടത്?

വെല്ലുവിളികൾ നിറഞ്ഞ സാഹചര്യങ്ങൾ കണക്കിലെടുക്കാതെ മൂല്യങ്ങളിൽ ഉറച്ചുനിൽക്കാൻ ദാനിയേലിനെ സജ്ജനാക്കാൻ അവന്റെ മാതാപിതാക്കൾ എന്തായിരിക്കാം ചെയ്തത് ?

ഇന്നത്തെ തലമുറയിലെ ഒരു കുട്ടിയുടെ ജീവിതവുമായി വളരെ സമാനതകൾ നിറഞ്ഞതാണ് ദാനിയേലിന്റേത്.

13-14 വയസ്സുള്ളപ്പോൾ തന്നെ ശത്രുതയും രോഷവും വളർത്തിയെടുക്കാനുള്ള എല്ലാ കാരണങ്ങളും അവനുണ്ടായിരുന്നു. ഒരു ദുഷ്ടസാമ്രാജ്യത്താൽ അവന്റെ പ്രിയപ്പെട്ട എല്ലാത്തിൽ നിന്നും അവൻ പിഴുതെറിയപ്പെട്ടു. അവന്റെ കുടുംബം കൊല്ലപ്പെടുകയും വീട് നശിപ്പിക്കപ്പെടുകയും സുഹൃത്തുക്കളെ നഷ്ടപ്പെടുകയും അവന്റെ സ്വപ്നങ്ങൾ തകരുകയും ചെയ്തിരിക്കണം. വിചിത്രവും പരുഷവുമായ ഒരു പുതിയ സ്ഥലം!
സമാനതകൾ ഉണ്ടെങ്കിലും ദാനിയേൽ നേരിട്ടത്ര കഠിനമായിരിക്കില്ല ഇന്നത്തെ കുട്ടികൾ അഭിമുഖികരിക്കുന്നത്. പക്ഷെ എവിടെയാണ് അവർ പരാജയപ്പെടുന്നത്? മൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്നതിൽ നമ്മുടെ കുഞ്ഞുങ്ങൾക്ക് താരതമ്യേന മികച്ച വിജയശതമാനം ഉണ്ടാകേണ്ടതല്ലേ?

നമ്മുടെ സംസ്കാരത്തിലെയും വിശ്വാസ സമൂഹത്തിലെയും ദ്രുതഗതിയിലുള്ള മാറ്റങ്ങൾ അവരുടെ വിശ്വാസം നിരസിക്കാൻ അനേക യുവാക്കളെ പ്രേരിപ്പിക്കുന്നു. ഇവിടെയാണ് നമ്മുടെ ദൗത്യത്തിന്റെ ഗൗരവം ഏറുന്നത്.

സൃഷ്ടികളേക്കാൾ, ഭൗതികമായതിനേക്കാൾ, സ്രഷ്ടാവിനെ പിന്തുടരുവാൻ നാം അവരെ അഭ്യസിപ്പിച്ചാൽ, അതിൽ അവർ വിജയിച്ചാൽ, നമ്മൾ വിജയിച്ചു . എന്തെന്നാൽ, അവർ ദൈവസ്നേഹത്താൽ വശീകരിക്കപ്പെടുകയും അവന്റെ വചനത്തിൽ ഉറച്ചുനിൽക്കുകയും ചെയ്താൽ, ഒന്നിനും അവരെ ഇളക്കാനാവില്ല.

**ഒരൊറ്റ ദൈവവചനത്തിന്റെ തന്നെ ശക്തിയും സ്വാധീനതയും ദൈവത്തെക്കുറിച്ചുള്ള യഥാർത്ഥമായ അറിവും ലോകത്തിലെ എല്ലാ തത്ത്വചിന്തകളെയും പ്രലോഭനങ്ങളെയും സംസ്കാരങ്ങളെയും ചെറുക്കാൻ പര്യാപ്തമായതാണ്.**

അത്തരം അറിവും വിവേകവും കൊണ്ട് നാം അവരെ സജ്ജരാക്കുന്നുണ്ടോ ?

മാതാപിതാക്കളായ നമുക്ക് ചിലത് മനഃപൂർവ്വം ചെയ്ത് തുടങ്ങാം.

# കഴിവുകളെ തിരിച്ചറിയാം

കഴിവുകൾ ഇല്ലാത്തതായി ആരാണ് ഉള്ളത്? ഒന്നിൽ അല്ലെങ്കിൽ മറ്റൊന്നിൽ, എല്ലാവർക്കും ദൈവം കഴിവുകൾ  നൽകിയിട്ടുണ്ട്.  എന്നാൽ, പലപ്പോഴും ഇല്ലാത്തതിനെ ഓർത്ത് നാം ദുഃഖിക്കുന്നു. നിങ്ങൾക്കു ഒരു ചെറിയ കഴിവായിരിക്കും ഉണ്ടായിരിക്കുക.  അവ കണ്ടുപിടിച്ച് വളർത്തി എടുക്കുക. ഒരു പക്ഷെ പാടുവാനോ പ്രസംഗിക്കുവാനോ ഉള്ള കഴിവില്ലായിരിക്കാം, എന്നാൽ ഒരു വാക്ക് കൊണ്ട് മറ്റുള്ളവരെ ആശ്വസിപ്പിക്കാൻ കഴിയുന്നു itണ്ടോ?, ഒരു നല്ല ശ്രോതാവാകാൻ കഴിയുന്നുണ്ടോ?, അവ ദൈവം ദാനമായി നൽകിയ കഴിവാണ്. ഇങ്ങനെയുള്ള കഴിവുകളെ വളർത്തിയെടുക്കുക..,

മറ്റുള്ളവർക്ക് പ്രയോജനപ്പെടുന്ന നല്ലൊരു വ്യക്തിയായി സമൂഹത്തിൽ കാണപ്പെടാം.

ദൈവം അനുഗ്രഹിക്കട്ടെ.



**Sherin Santhosh**

# കൃതജ്ഞതയുടെ ശക്തി





മദർ തെരേസയുടെ അഭിപ്രായത്തിൽ, "നമ്മുടെ കൃതജ്ഞത പ്രകടിപ്പിക്കാനുള്ള ഏറ്റവും നല്ല മാർഗം നമ്മുടെ പ്രശ്നങ്ങളെപ്പോലും സന്തോഷത്തോടെ സ്വീകരിക്കുക എന്നതാണ്." നാം നന്ദിയുള്ളവരായിരിക്കുമ്പോൾ, ഭയം അപ്രത്യക്ഷമാവുകയും സമൃദ്ധി പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. കൂടാതെ "കൃതജ്ഞതയുള്ള ഒരു ഹൃദയം ❤️❤️ അത്ഭുതങ്ങളുടെ ഒരു കാന്തമാണ്" (Magnet). കൃതജ്ഞത എന്നത് ഏറ്റവും മഹത്തായ ഗുണങ്ങൾ മാത്രമല്ല, മറ്റെല്ലാ ഗുണങ്ങളുടെയും മാതാവാണ്. അതുകൊണ്ട് നമുക്ക് നമ്മുടെ ജീവിതത്തിന് നിറം പകരാം, നന്ദിയുള്ള ഹൃദയത്തോടെ നമ്മുടെ ദൈനംദിന ജീവിതത്തിൽ യേശുക്രിസ്തുവിന്റെ സുഗന്ധം പരത്താം.
പൗലോസ് ഇപ്രകാരം ഉപദേശിക്കു ന്നു, 1 തെസ്സലൊനീക്യർ 5:18,

എല്ലാറ്റിലും സ്തോത്രം ചെയ് വിൻ... ഇതല്ലോ നിങ്ങളെക്കുറി ച്ച് ക്രിസ്തുയേശുവിൽ ദൈവഹിതം.

Sr. Salome Sam

# SEVEN PILLERE OF DIVINE WISDOM



A) FEAR OF THE LORD

B) INSTRUCTION

C) KNOWLEDGE


D) UNDERSTANDING

E) DISCRETION

F) COUNSEL

G) RREPROOF

**IF NOT LED BY THE HEART, BE DAMNED BY THE FART.**





# TRUE LIGHT & LIFE

MAGAZINE

Read anytime, anywhere

# TRUE LIGHT & LIFE




## Never miss it!

- spiritual thoughts
- Give wings your thoughts
- We give colour to your creations

## Follow us

- 7032252405

- 7032252405

- Catch the freshest feature
- Read anytime, anywhere

